ആളു ധാരാളം വക നൽകാതിരിക്കുന്നില്ല എന്നു് 'ജീവിക്കുന്ന തമിഴ്സംസ്കാര'ത്തെ ചിത്രീകരിക്കുന്ന കുരിയരിന്റെ ഈ ലക്കം വിളംബരം ചെയ്യുന്നു. തമിഴ്നാട്ടിന്റെയെന്നപോലെ കേരളത്തിന്റെയും സവിശേഷശ്രദ്ധ ഈ ലക്കത്തിൽ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(4 ജൂൺ, 1984)

## 51. മി. ജിന്നയുടെ മതം

പാകിസ്ഥാൻ എന്ന ഇസ്ലാമിക രാഷ്ട്രത്തിന്റെ സ്ഥാപകനായ മി. മുഹമ്മദലി ജിന്നയുടെ മതം എന്താണു്?

ഇങ്ങനെ ഒരു സംശയം മി. ജിന്നയുടെ ജീവിതകാലത്തു് ഉന്നയിക്കപ്പെട്ടിരുന്നില്ല. പക്ഷേ, മി. ജിന്നയുടെ മരണശേഷം അദ്ദേഹത്തിന്റെ മതം തർക്കവിഷയമായി; പ്രശ്നം കോടതിയിലുമെത്തി.

കേസ്സിന്റെ അടിയിലുണ്ടായിരുന്നതെന്തെന്നോ? പണം. അല്ലാതെന്തു്?

മി. ജിന്നയുടെയും അദ്ദേഹത്തിന്റെ സഹോദരി മിസ് ഫാത്തിമ ജിന്നയുടെയും സ്വത്തിന്മേലുള്ള അവകാശം ആർക്കാണു്? ജിന്നാസഹോദരരുടെ പിതാവിന്റെ താവഴിയിൽപ്പെട്ട അനന്തിരവനായ ഹുസൈൻ ജിവാൽജി എന്ന ഒരാഠം, മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കളുടെ കൈകാര്യകർത്തൃത്വം തനിക്കു കിട്ടണമെന്നു് അവകാശപ്പെട്ടുകൊണ്ടു് 1971-ൽ സിന്ധ് സംസ്ഥാനത്തിലെ ഹൈക്കോടതിയിൽ ഒരു കേസ്സ് കൊടുത്തു.

ഇസ്ലാമിൽ സുന്നികഠം എന്നും ഷിയകഠം എന്നും രണ്ടു മുഖ്യ വിഭാഗങ്ങളുണ്ടല്ലോ. ഈ രണ്ടു വിഭാഗക്കാരുടെയും സ്വത്തവകാശം സംബന്ധിച്ച നിയമങ്ങഠം വ്യത്യസ്തങ്ങളാണു്. ജിന്നമാർ ഷിയ വിഭാഗത്തിൽപ്പെട്ടവരായിരുന്നെങ്കിൽ, മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കളുടെ കൈകർത്തൃത്വം, നിയമപ്രകാരം മി. ജിന്നയുടെ മറ്റൊരു സഹോദരിയായ ഷിരീൻ ജിന്നയ്ക്കു കിട്ടും. ജിന്നമാർ സുന്നികളായിരുന്നെങ്കിൽ, ആ അവകാശം ചെന്നുചേരുക മി. ഹുസൈൻ ജിവാൻജിയിലാണു്. മി. മുഹമ്മദലി ജിന്നയും മിസ് ഫാത്തിമ ജിന്നയും സുന്നികളായിരുന്നുവെന്നും, അതിനാൽ, മിസ് ഫാത്തിമ ജിന്നയുടെ മരണശേഷം അവരുടെ സ്വത്തുക്കളിൽ അവകാശം തനിക്കാണെന്നും സ്ഥാപിച്ചുകിട്ടുകയായിരുന്നു ഹുസൈൻ ജിവാൽജിയുടെ ആവശ്യം.

കേസ് കറാച്ചിയിലെ ഹൈക്കോടതിയിൽ അഞ്ചു വർഷത്തോളം നടന്നു. മി. ജിന്നയുടെ സഹപ്രവർത്തകരായിരുന്ന പല പ്രമുഖ പാകിസ്ഥാനി നേതാക്കളുടെയും സാക്ഷ്യമൊഴികഠം രേഖപ്പെടുത്തപ്പെട്ടു. ഒടുവിൽ, മി. ജിന്നയും സഹോദരി മിസ് ഫാത്തിമ ജിന്നയും ഷിയകളായിരുന്നു എന്നു്, 1976-ൽ, കറാച്ചി ഹൈക്കോടതിയിൽ ഒരു ജഡ്ജിയായിരുന്ന മി. സഫർ ഹുസൈൻ മിർസ വിധിച്ചു. അതിനാൽ മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കഠം ചെന്നുചേരുക, ഷിരീൻ ജിന്ന സ്ഥാപിച്ച മെഡിക്കൽ ട്രസ്റ്റിലാണു്.

ഈ വിധിക്കെതിരെ മി. ഹുസൈൻ ജിവാൽജി സിന്ധ്ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റിസ് അബ്ദുൽ ഹാദി കുറൈഷി, ജസ്റ്റിസ് അബ്ദുഠം റസാക്ക്

എന്ന രണ്ടു ജഡ്ജിമാർ അടങ്ങിയ ഈ ഡിവിഷൻ ബെഞ്ച്, ഏഴു വർഷത്തിനുശേഷം ഇപ്പോൾ ഈ കേസ്സിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. ഏപ്രിൽ 21–ാം തീയതിയിലെ 'പാകിസ്ഥാൻ ടൈംസ്' ഓവർസീസ് വീക്ക്‌ലി'യിൽ ഈ വിധിന്യായത്തിന്റെ സംക്ഷേപം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

മി. ജിന്ന ഷിയയോ സുന്നിയോ ആയിരുന്നില്ല എന്നാണു വിധിയുടെ ചുരുക്കം. വിഭാഗീയ വികാരങ്ങളിൽനിന്നും 'വിഭാഗീയ വിശ്വാസങ്ങളിൽനിന്നും, വിഭാഗീയ മനോഭാവങ്ങളിൽനിന്നും, സ്വതന്ത്രനായ ഒരു യഥാർത്ഥ മുസ്ലിം ആയിരുന്നു മി. ജിന്ന. പ്രവാചകനും, ഒരു പൂർണ ജീവിത സംഹിതയെന്നു കരുതാവുന്ന ഖുർ–ആനുമായിരുന്നു അദ്ദേഹത്തിന്റെ ആദർശങ്ങൾ' എന്നു വിധിന്യായത്തിൽ പറയുന്നു.

വിഭാഗീയ വിശ്വാസങ്ങൾ അദ്ദേഹത്തിനില്ലാതിരുന്നതിനാൽ, അദ്ദേഹം ഏതു വിഭാഗത്തിൽപ്പെട്ടിരുന്നു എന്ന ചോദ്യം അനാവശ്യവും (സൂപ്പർഫ്ളുവസ്) അപ്രസക്തവുമാണെന്നു ഡിവിഷൻ ബെഞ്ച് വിധിച്ചു.

ഈ കേസ്സിൽ തെളിവു കൊടുത്ത സയ്യദ് ഷരീഫുദ്ദീൻ പീർസാദ (അന്ന് അദ്ദേഹം പാകിസ്ഥാനിലെ അറ്റോർണി ജനറൽ ആയിരുന്നു) പറഞ്ഞതു് മി. ജിന്ന ആദ്യമായും അവസാനമായും ഒരു 'മുസ്ലിം' ആയിരുന്നുവെന്നാണ്. പ്രവാചകനെ പിന്തുടർന്നിരുന്ന അദ്ദേഹം സുന്നിയോ ഷിയയോ ആയിരുന്നില്ല. മി. ജിന്ന സുന്നിയോ ഷിയയോ എന്നു മേറഠിയിൽവെച്ച് ഒരുകുറി ഏതാനും മുസ്ലിംലീഗ് പ്രവർത്തകർ ചോദിച്ചതിനു് അദ്ദേഹം നൽകിയ മറുപടി: 'പ്രവാചകൻ സുന്നിയോ ഷിയയോ?' എന്ന എതിർചോദ്യമായിരുന്നു. പ്രവാചകനെ അനുഗമിക്കുന്ന താൻ സുന്നിയുമല്ല ഷിയയുമല്ല എന്നും മി. ജിന്ന തുടർന്നു പറഞ്ഞിരുന്നു. 'മി. ജിന്നയുമായി എനിക്കുള്ള സമ്പർക്കത്തിന്റെയും, 1906 മുതൽ 1948 വരെ അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളുടെയും, അറപത്തു ഫയലുകളിൽ അടങ്ങിയ അദ്ദേഹത്തിന്റെ കത്തിടപാടുകളുടെയും അടിസ്ഥാനത്തിൽ, ഒരു തരത്തിലുള്ള വിഭാഗീയ വികാരമോ വിഭാഗീയ ചിന്തയോ വിഭാഗീയ വിശ്വാസമോ ഇല്ലാത്ത ഒരു യഥാർത്ഥ മുസ്ലിം ആയിരുന്നു അദ്ദേഹം എന്നു ഞാൻ പറയുന്നു. പ്രവാചകനായിരുന്നു അദ്ദേഹത്തിന്റെ ആദർശം. എല്ലാ മുസൽമാന്മാർക്കും ഒരു പൂർണജീവിതസംഹിതയാണ് ഖുർ–ആൻ എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.' എന്ന് മി. സയ്യദ് ഷരീഫുദ്ദീൻ പീർസാദ കോടതിയിൽ പ്രസ്താവിച്ചതു വിധിന്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. 'ഞാൻ ഷിയയല്ല; സുന്നിയും അല്ല. ഞാൻ ഒരു മുസ്ലീം ആണ്. പ്രവാചകൻ നമുക്കു നൽകിയതു് ഇസ്ലാമാണ്; ഏതെങ്കിലും വിഭാഗീയ മതമല്ല' എന്ന് മിസ് ഫാത്തിമ ജിന്ന ഒരു സംഭാഷണമദ്ധ്യേ പറഞ്ഞതും വിധിന്യായത്തിൽ എടുത്തുകാട്ടിയിരുന്നു.

ആദ്യത്തെ നൂററമ്പതു വർഷങ്ങളിൽ ഇസ്ലാമിന്നകത്തു വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല എന്ന വസ്തുതയും ഡിവിഷൻ ബെഞ്ചിലെ ജഡ്ജിമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹനഫി, ഷാഫി മുതലായ നാലു നിയമപദ്ധതികൾ ഇസ്ലാമിലുണ്ടായതു് ഹിജ്റ രണ്ടാം ശതാബ്ദത്തിലാണ്. സുന്നി വിശ്വാസത്തിനു് ആധാരമായ പുസ്തകങ്ങൾ എഴുതപ്പെട്ടതു് ഹിജ്റ നാലും അഞ്ചും ശതാബ്ദങ്ങളിൽ മാത്രമായിരുന്നു.

'സിന്ധ് ഹൈക്കോടതിയിലെ ഡിവിഷൻബെഞ്ചിന്റെ വിധിയുടെ ഫലമായി മി. ജിന്ന സുന്നിയോ ഷിയയോ എന്ന വാദപ്രതിവാദം എന്നെന്നേക്കുമായി അവസാനിച്ചിരിക്കുന്നു' എന്ന് 'പാകിസ്ഥാൻ ടൈംസ്'' പത്രം പറയുന്നു. ഈ പ്രശ്നം സംബന്ധിച്ച് സിന്ധ് ഹൈ

ക്കോടതി മുമ്പു പുറപ്പെടുവിച്ച (ജിന്നാസഹോദരർ ഷിയകളായിരുന്ന എന്ന) വിധി ഇതോടെ റദ്ദായിരിക്കുന്നു. മി. ജിന്ന ഷിയയോ സുന്നിയോ ആയിരുന്നില്ല. ഖുർ—ആനെയും പ്രവാചകനെയും പിന്തുടരുന്ന കേവലമുസ്ലീം ആയിരുന്നു.

പക്ഷേ, മിസ്സ് ഫാത്തിമ ജിന്നയുടെ മതവിശ്വാസം എന്തായിരുന്നുവെന്ന് തീരുമാനിക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ജിന്നമാരുടെ സ്വത്തുക്കരം ആര് ഭരിക്കണമെന്ന നിശ്ചയിക്കുവാനുമുള്ള അവകാശം സിന്ധ് ഹൈക്കോടതിയിൽ ഈ കേസ് ആദ്യം വിചാരണ ചെയ്ത ജഡ്ജിക്കുതന്നെ വിട്ടുകൊടുക്കുകയാണ ഡിവിഷൻബെഞ്ച് ചെയ്തിട്ടുള്ളത്. കക്ഷികരംക്ക് ഇക്കാര്യത്തിൽ, വേണമെങ്കിൽ, കൂടുതൽ തെളിവുകരം ഹാജരാക്കാവുന്നതാണ്.

(9 ജൂൺ, 1985)

# 52. ബൃഹദീശ്വരമാഹാത്മ്യം

അത്ഭുതങ്ങളുടെ കാലം അവസാനിച്ചിട്ടൊന്നുമില്ല. ഐതിഹ്യങ്ങളാണെങ്കിൽ, നാരംക്കുനാരം പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇന്ത്യ ഭരിച്ച ചക്രവർത്തിമാരിൽ, പലതുകൊണ്ടും പ്രമുഖനായിരുന്നു രാജരാജചോളൻ. ഇന്ത്യാസമുദ്രത്തിൽ ഇന്ത്യൻ കടൽപ്പട ആധിപത്യം പുലർത്തിയത് രാജരാജചോളന്റെ കാലത്താണ്. ഇന്ത്യാക്കാർ വലിയ തോതിൽ ശ്രീലങ്ക, ഇൻഡോനേഷ്യ, മലയ, കമ്പൂച്ചിയ, തായ്‌ലൻഡ് മുതലായ ദക്ഷിണപൂർവപ്രദേശങ്ങളിൽ കടിയേറിപ്പാർത്തതും അക്കാലത്തുതന്നെ. ഇന്ത്യയ്ക്കാകെയും തമിഴ്നാടിനു പ്രത്യേകിച്ചും, അഭിമാനപുരസ്സരം ഓർമിക്കാവുന്ന ഒരു ഭരണാധികാരിയാണ് രാജരാജചോള ചക്രവർത്തി.

രാജരാജന്റെ കിരീടധാരണത്തിന്റെ ആയിരാമത്തു വാർഷികം ഗംഭീരമായി ആഘോഷിക്കാൻ തമിഴ്നാട് ഗവണ്മെന്റ് തീരുമാനിച്ചതിൽ ആശ്ചര്യമൊന്നുമില്ല, ഇക്കഴിഞ്ഞ 1984 ഒക്ടോബർ മാസത്തിൽ ഈ മഹോത്സവം നടത്താനാണ് ഉദ്ദേശിച്ചിരുന്നത്.

രാജരാജചോളൻ നിർമിച്ചതാണ് തഞ്ചാവൂരിലെ സുപ്രസിദ്ധമായ ബൃഹദീശ്വര ക്ഷേത്രം. ഇന്ത്യയിലെ ക്ഷേത്രങ്ങളിൽ ഏററവും പുകഴ് പെററ ഒന്നാണിത്. ഈ ക്ഷേത്രത്തിലുള്ളത്ര വലിയ ശിവലിംഗം വേറെയെങ്ങും ഉണ്ടെന്നു തോന്നുന്നില്ല. പ്രതിഷ്ഠയുടെ വലിപ്പം നിമിത്തമാണ് ക്ഷേത്രത്തിന് 'ബൃഹദീശ്വരക്ഷേത്രം' എന്ന പേർ വന്നത്. മണ്ഡപത്തിലുള്ള നന്ദിയുടെ (വൃഷഭവാഹനത്തിന്റെ) വിഗ്രഹവും 'ബൃഹത്ത്' തന്നെ വലിയ ശ്രീകോവിലിന്റെ നിർമാണചാതുര്യം നിമിത്തം ഉച്ചയ്ക്ക് അതിന്റെ നിഴൽ നിലത്തുവീഴുകയില്ലത്രെ!

പ്രാചീനതയും ശില്പപ്രാധാന്യവും പരിഗണിച്ച്, ഈ ക്ഷേത്രം ഇന്ത്യാഗവണ്മെന്റിന്റെ പുരാതത്വവകുപ്പ് സ്വന്തം സംരക്ഷണത്തിൽ ഏറെറടുത്തിരിക്കുകയാണ്.

രാജരാജന്റെ കിരീടധാരണ സഹസ്രാബ്ദഘോഷത്തെപ്പററി ആലോചന തുടങ്ങിയകാലത്ത് തമിഴ്നാട്ടിലെ മുഖ്യമന്ത്രി കലൈഞർ കരുണാനിധിയായിരുന്നു. ബൃഹദീശ്വരക്ഷേത്രത്തിന്റെ വിശാലമായ മതിൽക്കെട്ടിനുള്ളിൽ മനോഹരമായ ഒരു മണ്ഡപം നിർമിച്ച്, അതിൽ രാജ